# ആൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ

AKPA

REG. No. ER 15/85

# ഭരണഘടനയും ഭരണഘടനാപ്രകാരമുള്ള ചട്ടങ്ങളും

03–10–2003–ൽ തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ ചേർന്ന പൊതുയോഗത്തിലും
28–07–2009–ൽ തിരുവനന്തപുരം ട്രിവാൻഡ്രം ഹോട്ടൽ ഓഡിറ്റോറിയത്തിൽ
ചേർന്ന കൺവെൻഷനിലും 16–12–2010–ൽ കോഴിക്കോട് ടാഗോർ ഹാളിൽ ചേർന്ന
26–ാം സംസ്ഥാന സമ്മേളനത്തിന്റെ പ്രതിനിധി സമ്മേളനവും
12–12–12ൽ ആലപ്പുഴ ടൗൺഹാളിൽ ചേർന്ന 28–ാം സംസ്ഥാന സമ്മേളനത്തിന്റെ
പ്രതിനിധി സമ്മേളനവും
ഐകകണ്ഠ്യേന അംഗീകരിച്ച ഭേദഗതി നിർദ്ദേശങ്ങളോടുകൂടിയത്.

*രജിസ്റ്റേർഡ് ഓഫീസ്:*

**ജോസഫ് ചെറിയാൻ മെമ്മോറിയൽ സിൽവർ ജൂബിലി ബിൽഡിംഗ്**
**എ.കെ.പി.എ. ഭവൻ, അരങ്ങത്ത് ക്രോസ് റോഡ്**
**പുല്ലേപ്പടി, കൊച്ചി–682 018**
**Website: www.akpa.in, E-mail: akpasc@gmail.com**

*സംസ്ഥാന കമ്മിറ്റി ഓഫീസ്:*

**എ.കെ.പി.എ. ഭവൻ, അരങ്ങത്ത് ക്രോസ് റോഡ്,**
**പുല്ലേപ്പടി, കൊച്ചി, എറണാകുളം–682 018**

# ആൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ
**Reg. No: ER 15/85**

## ഭരണഘടന

വകുപ്പ് I

**പേര്**

ആൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസ്സോസിയേഷൻ എന്നായിരിക്കും. AKPA എന്ന ചുരുക്കപ്പേരിലും അറിയപ്പെടുന്നതാണ്.

വകുപ്പ് II

**മേൽവിലാസം**

ഈ സംഘടനയുടെ സംസ്ഥാന കമ്മിറ്റി ഓഫീസ്, AKPA ഭവൻ, അരങ്ങത്ത് ക്രോസ് റോഡ്, പുല്ലേപ്പടി, എറണാകുളം–682 018 എന്ന വിലാസത്തിൽ ആയിരിക്കും.

വകുപ്പ് III

**കൊടിയും എംബ്ലവും**

AKPA

REG. No. ER 15/85

3 x 2 എന്ന അനുപാതത്തിൽ തൂവെള്ള തുണിയിൽ മദ്ധ്യഭാഗത്ത് വ്യൂ ഫൈൻഡറിനെ ഓർമ്മിപ്പിക്കുന്ന ചതുരത്തിന് പുറത്ത് മുകളിൽ മദ്ധ്യഭാഗത്ത് AKPA എന്ന ഇംഗ്ലീഷ് അക്ഷരത്തിൽ കറുത്ത മഷിയിൽ ആലേഖനം ചെയ്യുകയും ചതുരത്തിനുള്ളിൽ കറുത്ത മഷിയിൽ തന്നെ കണ്ണിന്റെ ഔട്ട്ലൈൻ രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നതാണ്.

## വകുപ്പ് IV

### പ്രവർത്തന പരിധി

കേരള സംസ്ഥാനം മുഴുവൻ സംഘടനയുടെ പ്രവർത്തനപരിധിയിൽ വരുന്നതാണ്.

## വകുപ്പ് V

### ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും

a) ഫോട്ടോഗ്രാഫിയും വീഡിയോഗ്രാഫിയും ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരും ഫോട്ടോസ്റ്റുഡിയോ നടത്തുന്നവരുടേയും, തൊഴിൽപരവും, സംഘടനാപരവും, വ്യക്തിപരവും, സാമൂഹ്യപരവും സാംസ്കാരികപരവുമായ അഭ്യുന്നതിക്കുവേണ്ടിയും, അവകാശ സംരക്ഷണം ഉറപ്പുവരുത്തുവാൻ വേണ്ടിയും പ്രവർത്തിക്കുക.

b) സംഘടനാബോധവും പരസ്പര സഹകരണവും വഴി സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും ശാഖകൾ രൂപീകരിച്ച് അവയിലൂടെ ദൈനംദിന കാര്യങ്ങൾ നടത്തി സാങ്കേതിക വിജ്ഞാനവും തൊഴിൽ പ്രാമുഖ്യവും നൽകുക.

c) ഫോട്ടോഗ്രാഫി മേഖലയിൽ ഭാരതത്തിൽ പ്രവർത്തിക്കുന്ന സംഘടനകളുമായും പ്രസ്ഥാനങ്ങളുമായും സഹകരിച്ച് ഫോട്ടോഗ്രാഫിയുടേയും വീഡിയോഗ്രാഫിയുടേയും, ഫോട്ടോ-വീഡിയോ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടേയും പൊതുതാൽപര്യത്തിന് വേണ്ടി പ്രവർത്തിക്കുക.

d) അംഗങ്ങൾക്ക് ആവശ്യമായ ഗുണമേന്മയുള്ള ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി സാധനങ്ങൾ മിതമായ വിലയ്ക്ക് കിട്ടുവാനുള്ള സാഹചര്യം സൃഷ്ടിക്കുക.

e) അംഗങ്ങളുടെ മാനസിക വളർച്ചയും തൊഴിൽപരമായ പുരോഗതിയും ലക്ഷ്യമാക്കി പ്രസിദ്ധീകരണങ്ങൾ, ഫോട്ടോ-വീഡിയോഗ്രാഫി പ്രദർശനം- മത്സരം, സെമിനാർ, പഠനക്ലാസ്സ്, പഠനയാത്ര, കുടുംബസംഗമം എന്നിവ നടത്തുക.

f) ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി മേഖലകളിൽ നൂതന സാങ്കേതികവിദ്യകളെപ്പറ്റി പഠനക്ലാസ്സുകൾ, പരീക്ഷണങ്ങൾ, വർക്ക് ഷോപ്പ്, ട്രേഡ്ഫെയർ എന്നിവ നടത്തുക.

g) കേരളത്തിലെ ഫോട്ടോഗ്രാഫർമാരേയും അനുബന്ധ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെയും ഒരു കൊടിക്കീഴിൽ അണിനിരത്തി കൂട്ടായ പ്രവർത്തനത്തിൽ കൂടി കാലികമായ പുരോഗതിക്കുവേണ്ടി

പ്രവർത്തിക്കുക.

h) തൊഴിൽപരമായി സഹകരിക്കുന്ന എല്ലാവരുമായും സൗഹൃദം പുലർത്തുകയും, നീതിപൂർവ്വവും, മാന്യവുമായ പെരുമാറ്റം വഴി സ്ഥാപനത്തിനും തൊഴിലിനും പുരോഗതി ഉറപ്പുവരുത്തുക.

i) അംഗങ്ങൾ പരസ്പരം ബഹുമാനിക്കുവാനും, സത്യസന്ധത, വിനയം, നീതിനിഷ്ഠ, ദീനാനുകമ്പ, ത്യാഗസന്നദ്ധത എന്നീ മൂല്യങ്ങൾ വളർത്തിക്കൊണ്ടുവരാനും ശ്രമിക്കുക.

j) സ്വന്തം തൊഴിലിനോട് നീതി പുലർത്തുക, തൊഴിൽ മനസ്സിലാക്കുക വഴി, സംസ്ഥാനത്ത് ഉടനീളം ഏകീകൃത നിരക്ക് (RATE CARD) നടപ്പിലാക്കുവാനുള്ള ശ്രമം നടത്തുക.

k) ഫോട്ടോഗ്രാഫിയിൽ വിശ്വസ്തതയോടെയും ആത്മാർത്ഥയോടെയും പണിയെടുക്കുന്നവരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുക.

l) ഫോട്ടോഗ്രാഫി മേഖലയിലെ തൊഴിൽരംഗത്തെ തകർക്കുന്ന നിയമങ്ങൾക്കും നടപടികൾക്കുമെതിരെ പ്രചരണങ്ങളും സമരപ്രവർത്തനങ്ങളും നടത്തുക.

m) അംഗങ്ങളുടെ സ്വർഗ്ഗശേഷി വളർത്തുന്നതിന് സഹായകരമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, രാഷ്ട്രപുരോഗതിക്ക് സഹായകരമായ സാമൂഹ്യ പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ ഒറ്റക്കോ സമാന ചിന്താഗതിയുള്ള സംഘടനകളുമായോ ചേർന്ന് സംഘടിപ്പിക്കുക.

n) ചാരിറ്റബിൾ പ്രവർത്തനം എന്ന നിലയിൽ രോഗങ്ങളാൽ ബുദ്ധിമുട്ടുന്ന അംഗങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിനും മരണമടയുന്ന അംഗങ്ങളുടെ കുടുംബത്തെ സാമ്പത്തികമായി സഹായിക്കുന്നതിനുമായി സംസ്ഥാന കമ്മിറ്റിയുടെ മേൽനോട്ടത്തിൽ അംഗങ്ങളിൽനിന്ന് എല്ലാ വർഷവും മെമ്പർഷിപ്പ് തുകയോടൊപ്പം 100 രൂപകൂടി സമാഹരിച്ച് എ.കെ.പി.എ. ക്ഷേമപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകവഴി അംഗങ്ങൾ തമ്മിൽ സാഹോദര്യവും പരസ്പരസഹായ ചിന്തയും കാരുണ്യ പ്രവർത്തനങ്ങളുടെ മൂല്യങ്ങളും ഉയർത്തിക്കൊണ്ടുവരിക.

## എ.കെ.പി.എ. ക്ഷേമപദ്ധതി നിയമങ്ങൾ

1. അവശത അനുഭവിക്കുന്ന സഹപ്രവർത്തകനെ സഹായിക്കാൻ വേണ്ടിയാണ് ഈ പദ്ധതി. ഗുരുതരമായ രോഗം ബാധിച്ച അംഗ

ങ്ങളെയും മരണമടഞ്ഞ അംഗത്തിന്റെ കുടുംബത്തെയും സാമ്പത്തികമായി സഹായിക്കുക എന്നതാണ് എ.കെ.പി.എ. ക്ഷേമപദ്ധതിയുടെ പ്രധാനമായ ഉദ്ദേശം.

2. എ.കെ.പി.എ. അംഗത്വം സംസ്ഥാന കമ്മിറ്റി അംഗീകരിച്ച് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ള എല്ലാവരും എ.കെ.പി.എ. ക്ഷേമപദ്ധതിയിൽ അംഗങ്ങളായിരിക്കും. മെമ്പർഷിപ്പിന്റെ കാലാവധി തന്നെയാണ് എ.കെ.പി.എ. ക്ഷേമപദ്ധതിയുടെയും കാലാവധി.

3. മരണമടയുന്ന അംഗം നിർദ്ദേശിച്ചിരുന്ന അവകാശിക്ക് പ്രവർത്തന വർഷം ചികിത്സാ സഹായം നൽകിയിട്ടുണ്ടെങ്കിൽ അതുൾപ്പെടെ 25,000 (ഇരുപത്തി അയ്യായിരം) രൂപയുടെ സഹായമാണ് എ.കെ. പി.എ. ക്ഷേമപദ്ധതിയിൽനിന്ന് സംസ്ഥാന കമ്മിറ്റി നൽകുക. അംഗം മരണമടയുന്നതോടുകൂടി അംഗത്തിന്റെ സംഘടനയിലെ എല്ലാ അവകാശങ്ങളും അവസാനിക്കുന്നതാണ്.

4. ഹൃദയശസ്ത്രക്രിയ, കിഡ്നി ശസ്ത്രക്രിയ, കാൻസർ രോഗം പോലുള്ള അതീവ ഗുരുതര രോഗം ബാധിച്ച എ.കെ.പി.എ. അംഗങ്ങൾക്ക് ഈ പദ്ധതിയിലേക്ക് സാമ്പത്തിക സഹായത്തിനായി അപേക്ഷിക്കാവുന്നതാണ്.

5. സംസ്ഥാന കമ്മിറ്റി നൽകുന്ന നിർദ്ദിഷ്ട ഫോറങ്ങൾ പൂരിപ്പിച്ച് യൂണിറ്റ്-മേഖലാ കമ്മിറ്റികൾ ബോദ്ധ്യപ്പെട്ട് ജില്ലാ കമ്മിറ്റി വഴിയാണ് അംഗങ്ങൾ സഹായത്തിനായി അപേക്ഷ സമർപ്പിക്കേണ്ടത്. എ.കെ.പി.എ. ക്ഷേമപദ്ധതിയുടെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ചികിത്സാ ധനസഹായമായി ഒരു പ്രവർത്തനവർഷം ഒരാൾക്ക് 15,000 (പതിനയ്യായിരം) രൂപവരെ പരമാവധി ധനസഹായമായി ലഭിക്കുന്നതാണ്. ഒരു അംഗത്തിൽനിന്ന് പ്രവർത്തനവർഷം ഒരു അപേക്ഷ മാത്രമേ ഈ പദ്ധതിയുടെ സഹായത്തിനായി സമർപ്പിക്കാൻ അനുവദിക്കുന്നുള്ളൂ.

6. ധനസഹായം നൽകുന്നതിനുള്ള അധികാരം സംസ്ഥാന കമ്മിറ്റിക്ക് കീഴിലുള്ള എ.കെ.പി.എ. ക്ഷേമപദ്ധതിയുടെ ഉപകമ്മിറ്റിക്കാണ്. ഓരോ പ്രവർത്തനവർഷവും തെരഞ്ഞെടുക്കപ്പെടുന്ന സംസ്ഥാന ഭരണ സമിതി നിർദ്ദേശിക്കുന്ന എ.കെ.പി.എ. ക്ഷേമപദ്ധതി ചെയർമാൻ, എ.കെ.പി.എ. ക്ഷേമപദ്ധതി ജനറൽ കൺവീനർ, സംസ്ഥാന പ്രസിഡന്റ്, സംസ്ഥാന ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവർ ചേർന്ന എക്സിക്യൂട്ടീവ് ബോർഡും 14 ജില്ലാ സെക്രട്ട

റിമാരും ചേർന്നതാണ് ഉപകമ്മിറ്റി.

7. എ.കെ.പി.എ. ക്ഷേമപദ്ധതി മുൻപാകെ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തീരുമാനം എടുക്കേണ്ടത് ഈ ഉപകമ്മിറ്റിയാണ്. പൂർണമല്ലാത്തതും വ്യക്തമല്ലാത്തതും യൂണിറ്റ്–മേഖലാ–ജില്ലാ കമ്മിറ്റികൾ പരിശോധിക്കാത്തതുമായ ധനസഹായ അപേക്ഷകൾ നിരസിക്കാൻ ഈ കമ്മിറ്റിക്ക് അധികാരമുണ്ട്. എന്നാൽ മരണമടയുന്ന അംഗങ്ങൾക്കുള്ള ധനസഹായം ഉടനടി നൽകുന്നതിന് യൂണിറ്റ്–മേഖലാ കമ്മിറ്റികൾ ശ്രദ്ധിക്കേണ്ടതാണ്.

8. ക്ഷേമപദ്ധതിയുടെ പ്രവർത്തനങ്ങളിലും സഹായധന വിതരണത്തിലും കാലത്തിനനുസരിച്ച് മാറ്റം വരുത്തുന്നതിന് സംസ്ഥാന ഭരണസമിതിക്ക് അധികാരം ഉണ്ടായിരിക്കും. സംസ്ഥാന കമ്മിറ്റി നിർദ്ദേശിക്കുന്ന ഭേദഗതികൾ സംസ്ഥാന കമ്മിറ്റി വിളിച്ചുചേർക്കുന്ന പൊതുയോഗത്തിൽ/സംസ്ഥാനതല വാർഷിക പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിവേണം നിലവിലെ സ്ഥിതിയിൽ മാറ്റങ്ങൾ വരുത്താൻ.

9. ഓരോ സംസ്ഥാന കമ്മിറ്റിയിലും എ.കെ.പി.എ. ക്ഷേമപദ്ധതിയുടെ റിപ്പോർട്ടും വരവ്–ചെലവ് കണക്കുകളും ജനറൽ കൺവീനർ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതും സംസ്ഥാന സമ്മേളനത്തിന്റെ പ്രതിനിധി സമ്മേളനത്തിൽ എ.കെ.പി.എ. ക്ഷേമപദ്ധതിയുടെ വാർഷിക റിപ്പോർട്ടും വരവ്–ചെലവ് കണക്കുകളും ജനറൽ കൺവീനർ അവതരിപ്പിച്ച് പാസ്സാക്കേണ്ടതുമാണ്.

10. എ.കെ.പി.എ. ക്ഷേമപദ്ധതിക്കായി ഓരോ അംഗങ്ങളിൽനിന്ന് പിരിച്ചെടുക്കുന്ന 100 രൂപയും സംസ്ഥാന വാർഷിക സമ്മേളനത്തിൽ അവതരിപ്പിച്ചു പാസാക്കുന്ന വാർഷിക വരവ്–ചെലവ് കണക്കിൽ മിച്ചംവരുന്ന തുകയുടെ 50 ശതമാനവും സംസ്ഥാന കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന ട്രേഡ് ഫെയർ എ.കെ.പി.എ. സ്കൂൾ ഓഫ് ഫോട്ടോഗ്രാഫി, ഫോട്ടോഗ്രാഫി ക്ലബ്ബ്, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയ വിവിധ പരിപാടികളുടെ ചെലവ് കഴിഞ്ഞ് മിച്ചംവയ്ക്കുന്ന തുകയും ചേർന്നതാണ് എ.കെ.പി.എ. ക്ഷേമപദ്ധതിയുടെ പ്രവർത്തനഫണ്ട്.

11. ക്ഷേമപദ്ധതികളിൽ താൽപര്യമുള്ള വ്യക്തികളിൽനിന്നും സംഘടനകളിൽനിന്നും ഈ പദ്ധതിയിലേക്ക് സംഭാവനകൾ സ്വീകരിക്കാവുന്നതാണ്.

12. പ്രവർത്തനഫണ്ട് എ.കെ.പി.എ. ക്ഷേമപദ്ധതി ചെയർമാന്റെയും ജനറൽ കൺവീനറിന്റെയും സംസ്ഥാന പ്രസിഡന്റിന്റെയും സം യുക്ത പേരിൽ ബാങ്കിൽ നിക്ഷേപിക്കുകയും പണമിടപാടുകൾ സംസ്ഥാന ഭരണസമിതി നിർദ്ദേശിക്കുന്നതനുസരിച്ച് ഭാരവാഹി കൾ ചെയ്യേണ്ടതുമാണ്.

13. എ.കെ.പി.എ. വെൽഫെയർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ജില്ല കളിൽ നിയന്ത്രിക്കുന്നതിനും പ്രവർത്തിക്കുന്നതിനും സംസ്ഥാ ന കമ്മിറ്റിക്ക് റിപ്പോർട്ടുകൾ നൽകുന്നതിനുമായി ജില്ലാ പ്രസി ഡന്റ് ജില്ലാ ചെയർമാനായും ജില്ലാ സെക്രട്ടറി ജില്ലാ കൺവീന റായും ജില്ലകളിൽ ഉപകമ്മിറ്റികൾ പ്രവർത്തിക്കേണ്ടതാണ്. ഈ കമ്മിറ്റിയിൽ മേഖലാ സെക്രട്ടറിമാരെ ഉൾപ്പെടുത്തേണ്ടതാണ്.

14. എ.കെ.പി.എ. ക്ഷേമപദ്ധതിയുടെ കമ്മിറ്റികളിൽ ചെയർമാനാണ് അദ്ധ്യക്ഷൻ. റിപ്പോർട്ടും കണക്കും ജനറൽ കൺവീനർ അവതരി പ്പിക്കുകയും വേണം.

15. എ.കെ.പി.എ. ക്ഷേമപദ്ധതിയുടെ ഭാരവാഹികളുടെ പ്രവർത്തന ചെലവുകൾ സംസ്ഥാന കമ്മിറ്റിയാണ് നൽകേണ്ടത്. എ.കെ.പി. എ. ക്ഷേമപദ്ധതിയുടെ പ്രവർത്തനഫണ്ട് അംഗങ്ങളുടെ ധനസ ഹായ വിതരണത്തിനല്ലാതെ മറ്റാവശ്യങ്ങൾക്ക് ചെലവാക്കാൻ പാ ടില്ല.

16. എ.കെ.പി.എ. ക്ഷേമപദ്ധതി കമ്മിറ്റി അംഗങ്ങൾക്കുവേണ്ടി ഇൻ ഷുറൻസ് നൽകുന്നതിന് ഭാവിയിൽ പദ്ധതി ആവിഷ്കരിക്കേണ്ടതും ആയത് സംസ്ഥാന കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ് ക്ക് നടപ്പിലാക്കേണ്ടതുമാണ്. ആയതിന് പ്രശസ്ത പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് പദ്ധതി ആവിഷ്കരിക്കേണ്ടതു മാണ്.

## വകുപ്പ് VI

**നിയമാവലി**

a) ഫോട്ടോഗ്രാഫിയും, വീഡിയോഗ്രാഫിയും ഉപജീവനമാർഗ്ഗ മായി സ്വീകരിച്ചവരോ, ഫോട്ടോസ്റ്റുഡിയോ നടത്തുന്നവരോ, അനു ബന്ധ സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്നവരോ ആയ 18 വയസ്സ് പൂർത്തിയായവരും രണ്ടുവർഷ പ്രവർത്തന പരിചയവും ഉള്ളവർക്കും അംഗത്വത്തിന് അപേക്ഷിക്കാവുന്നതാണ്.

b) മെമ്പർഷിപ്പിനായി വ്യക്തി ഏതുമേഖലയിൽ ആണോ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത് ആ ഘടകത്തിൽ തന്നെയാണ് അംഗത്വത്തിനുവേണ്ടി അപേക്ഷിക്കേണ്ടത്. അപേക്ഷ നിലവിലുള്ള ഒരു അംഗത്തിന്റെ ശുപാർശയോടെ നൽകേണ്ടതാണ്.

c) മെമ്പർഷിപ്പ് പ്രവർത്തനങ്ങളിലും മറ്റും യൂണിറ്റ് കമ്മിറ്റിയോ മേഖല കമ്മിറ്റിയോ സഹകരിക്കാതിരുന്നാൽ സംസ്ഥാന കമ്മിറ്റിയുടെ അംഗീകാരത്തോടെ ജില്ലാ കമ്മിറ്റിക്ക് ബദൽ സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

d) അംഗത്വത്തിനുവേണ്ടി അപേക്ഷിക്കുന്ന വ്യക്തിക്ക് യോഗ്യതയുണ്ടെന്ന് യൂണിറ്റ് കമ്മിറ്റിക്ക് ബോദ്ധ്യം വന്നാൽ മേഖലാ കമ്മിറ്റി അംഗീകരിച്ച് ജില്ലാ കമ്മിറ്റിയിലേക്ക് ശുപാർശ ചെയ്യാവുന്നതും, ജില്ലാ കമ്മിറ്റി സംസ്ഥാന കമ്മിറ്റിക്ക് സമർപ്പിച്ച് സംസ്ഥാന കമ്മിറ്റി അംഗത്വം നൽകുന്നതുമാണ്.

e) അംഗത്വം അംഗീകരിക്കേണ്ടത് സംസ്ഥാന കമ്മിറ്റി ആണ്. അംഗീകരിച്ചുകഴിഞ്ഞാൽ ഓരോ അംഗത്തിനും ഫോട്ടോ പതിച്ച അംഗത്വകാർഡ് സംസ്ഥാന കമ്മിറ്റി നൽകേണ്ടതുമാണ്. അംഗത്വകാർഡ് അതത് ഘടകങ്ങൾ വഴി വിതരണം ചെയ്യേണ്ടതാണ്. അംഗത്വത്തെ സംബന്ധിച്ച് സംസ്ഥാന കമ്മിറ്റി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും. സംസ്ഥാന കമ്മിറ്റിയുടെ തീരുമാനത്തെ ചോദ്യം ചെയ്യപ്പെടാവുന്നതല്ല.

f) പുതിയ മെമ്പർഷിപ്പിന് 250 രൂപയായിരിക്കും. ഒരു പ്രവർത്തനവർഷത്തേക്ക്. ഇതിൽ 20 രൂപ യൂണിറ്റ് കമ്മിറ്റിക്കും 20 രൂപ മേഖലാ കമ്മിറ്റിക്കും 30 രൂപ ജില്ലാ കമ്മിറ്റിക്കും 180 രൂപ സംസ്ഥാന കമ്മിറ്റിക്കുമായിരിക്കും. മെമ്പർഷിപ്പ് പുതുക്കുന്നതിന് 200 രൂപയായിരിക്കും. 15 രൂപ യൂണിറ്റ് കമ്മിറ്റിക്കും 15 രൂപ മേഖലാ കമ്മിറ്റിക്കും 20 രൂപ ജില്ലാ കമ്മിറ്റിക്കും 150 രൂപ സംസ്ഥാന കമ്മിറ്റിക്കുമായിരിക്കും. അംഗത്വത്തിനായി സംസ്ഥാന കമ്മിറ്റി വാങ്ങുന്ന തുകയിൽനിന്ന് 100 രൂപവീതം ഓരോ അംഗത്തിനായി എ.കെ.പി.എ. ക്ഷേമപദ്ധതിയിൽ നിക്ഷേപിക്കുന്നതാണ്.

g) മെമ്പർഷിപ്പിന്റെ കാലാവധി ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ ഒരു വർഷമായിരിക്കും.

h) മെമ്പർഷിപ്പ് സംബന്ധിച്ച് തുകയിലും കാലാവധിയിലും ആവശ്യമാകുന്നപക്ഷം മാറ്റം വരുത്തുവാൻ സംസ്ഥാനകമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.

i) ഏതെങ്കിലും അംഗം മരണപ്പെടുകയാണെങ്കിൽ ആ അംഗത്തിന്റെ അംഗത്വം ക്യാൻസൽ ആകുന്നതാണ്.

j) കാലാകാലങ്ങളിൽ മെമ്പർഷിപ്പ് പുതുക്കാതെ വീഴ്ചവരുത്തുന്നവർ സംഘടനാനേതൃത്വത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുവാൻ അയോഗ്യനാണ്.

k) അംഗങ്ങൾ തമ്മിലോ, ഘടകങ്ങൾ തമ്മിലോ ഉണ്ടാകുന്ന തർക്കങ്ങൾ സ്വയം പരിഹരിക്കാൻ സാധിക്കാത്തപക്ഷം രേഖാമൂലം അസ്സോസിയേഷനെ വിവരം ധരിപ്പിക്കേണ്ടതും പ്രശ്നപരിഹാരത്തിന് ശ്രമിക്കേണ്ടതുമാണ്. തീരാത്തപക്ഷം ഇത്തരം തർക്കങ്ങൾ ഒരു ആർബിട്രേഷൻ വഴി തീർക്കേണ്ടതാണ്. ആർബിട്രേറ്ററെ നിയമിക്കുന്നതിന് സംസ്ഥാന കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ആർബിട്രേറ്റർ എടുക്കുന്ന തീരുമാനം സംസ്ഥാന കമ്മിറ്റിക്ക് പുനഃപരിശോധിക്കാവുന്നതും ആവശ്യമെങ്കിൽ മാറ്റാവുന്നതുമാണ്.

## വകുപ്പ് VII

### അച്ചടക്കം

a) സംഘടനയുടെ ഐക്യം നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും അച്ചടക്കം അനുപേക്ഷണീയമാണ്. എല്ലാ അംഗങ്ങളും സംഘടനയുടെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കുവാൻ ഉത്തരവാദപ്പെട്ടിരിക്കുന്നു.

b) സംഘടനയുടെ താൽപ്പര്യങ്ങൾക്ക് എതിരായോ, സ്വാർത്ഥത ലക്ഷ്യമാക്കി പ്രവർത്തിക്കുകയോ, ആ അംഗം സംഘടനാ നിയമങ്ങളെ അവഗണിക്കുകയോ അനുസരിക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം, ആ അംഗത്തിന്റെ പേരിൽ അടച്ചടക്ക നടപടി എടുക്കാവുന്നതാണ്.

## വകുപ്പ് VIII

### അച്ചടക്ക നടപടി

a) ഏതെങ്കിലും ഒരംഗം സംഘടനാവിരുദ്ധ പ്രവർത്തനം നടത്തിയതായി പൂർണ്ണബോധ്യം വന്നാൽ, ആ അംഗത്തിന്റെമേൽ യുക്തമെന്നുതോന്നുന്ന ശിക്ഷണ നടപടികൾ എടുക്കുവാൻ ഭരണസമിതിക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

b) സംഘടനാവിരുദ്ധ പ്രവർത്തനം നടത്തിയ അംഗം ഏതുഘടകത്തിലാണോ അംഗമായിട്ടുള്ളത് ആ സമിതിയാണ് തീരുമാനം എ

ടുക്കേണ്ടത്. തീരുമാനം തൊട്ടടുത്ത മേൽകമ്മിറ്റിയുടെ അംഗീകാര ത്തോടെ നടപ്പിലാക്കേണ്ടതാണ്.

c) ഒരംഗത്തിനെതിരെ അച്ചടക്കനടപടി ഉദ്ദേശിക്കുകയാണെങ്കിൽ അയാളുടെ പേരിലുള്ള കുറ്റങ്ങളും, ബന്ധപ്പെട്ട മറ്റു വസ്തുക്കളും പ്രസ്തുത വ്യക്തിയെ അറിയിക്കേണ്ടതാണ്.

d) ശിക്ഷണനടപടിക്ക് വിധേയമാകുന്ന വ്യക്തിക്ക് ബന്ധപ്പെട്ട കമ്മിറ്റിയിൽ 30 ദിവസത്തിനുള്ളിൽ വിശദീകരണം നൽകാൻ അവ കാശമുണ്ടായിരിക്കും.

e) ഭരണസമിതി എടുക്കുന്ന ശിക്ഷണനടപടി നീതീപൂർവ്വമല്ല എന്ന് ഒരംഗത്തിന് തോന്നിയാൽ നോട്ടീസ് തീയതി തൊട്ട് 30 ദിവസ ത്തിനകം മേൽ കമ്മിറ്റിക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

f) ഉപരികമ്മിറ്റിയുടെ തീരുമാനം ധിക്കരിക്കുകയും നടപ്പിലാ ക്കാതിരിക്കുകയും സംഘടനയുടെ പൊതുവായ താൽപ്പര്യങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന കീഴ്ഘടകങ്ങളുടെ മേൽ ന ടപടി സ്വീകരിക്കുവാനും സംഘടനാപ്രവർത്തനം സുഗമമായി നട ത്തുവാനുള്ള ബദൽ സംവിധാനം ഏർപ്പെടുത്തുവാൻ മേൽകമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

g) കമ്മിറ്റിക്കുള്ളിൽ ഭാരവാഹികളോ അംഗങ്ങളോ സംഘടനാ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതായി കീഴ് കമ്മിറ്റിയുടെ റിപ്പോർ ട്ടിന്റെയോ അല്ലാതെയോ അടിസ്ഥാനത്തിൽ മേൽ കമ്മിറ്റിക്ക് ബോ ദ്ധ്യപ്പെട്ടാൽ ഇവർക്കെതിരെ ഉചിതമായ ശിക്ഷാനടപടികൾ സ്വീകരി ക്കുന്നതിന് മേൽ കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## വകുപ്പ് IX

### സംഘടനാരൂപവും ഭരണസമിതിയും

a) a) സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും പ്രവർത്തനം അതാത് സമയത്ത് നടത്തുന്നതിനുവേണ്ടി സംസ്ഥാന കമ്മിറ്റിക്കു കീഴിൽ ജില്ലാ കമ്മിറ്റികളും ജില്ലാ കമ്മിറ്റിക്കു കീഴിൽ മേഖലാ കമ്മി റ്റികളും മേഖലാ കമ്മിറ്റിക്കു കീഴിൽ യൂണിറ്റ് കമ്മിറ്റികളും ഉണ്ടായിരി ക്കുന്നതാണ്. യൂണിറ്റ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറർ എന്നിവരുൾപ്പെടെ 13–ൽ കവിയാത്ത യൂണി റ്റ് കമ്മിറ്റി അംഗങ്ങൾ ഉണ്ടാകേണ്ടതാണ്. ഈ കമ്മിറ്റിയിൽനിന്നാണ്

യൂണിറ്റ് പ്രസിഡന്റ്, യൂണിറ്റ് സെക്രട്ടറി എന്നിവരുൾപ്പെടുന്ന മേഖലാ കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടത്. മേഖലാ കമ്മിറ്റി അംഗങ്ങൾ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ ചേർന്നതാണ് യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി. ഓരോ യൂണിറ്റിലും മിനിമം 10 അംഗങ്ങളും പരമാവധി 50 അംഗങ്ങളും ആകാവുന്നതാണ്. യൂണിറ്റ് സമ്മേളനങ്ങളിൽ യൂണിറ്റിലെ എല്ലാ അംഗങ്ങൾക്കും വോട്ടവകാശം ഉണ്ടായിരിക്കുന്നതാണ്.

b) **മേഖലാ കമ്മിറ്റി–** പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറർ എന്നിവരുൾപ്പെടെ 9 മുതൽ 30–ൽ കവിയാത്ത മേഖലാ കമ്മിറ്റി ആകാവുന്നതാണ്. ഈ കമ്മിറ്റിയിൽനിന്നാണ് മേഖലാ പ്രസിഡന്റ്, മേഖലാ സെക്രട്ടറി എന്നിവരുൾപ്പെടുന്ന ജില്ലാ കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടത്. ഔദ്യോഗിക ഭാരവാഹികൾ ജില്ലാ കമ്മിററി അംഗങ്ങൾ എന്നിവർ ചേർന്നതാണ് മേഖലാ എക്സിക്യൂട്ടീവ് കമ്മിറ്റി. മേഖലാ സമ്മേളനങ്ങളിൽ യൂണിറ്റ് സമ്മേളനങ്ങളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടുവന്ന മേഖലാ കമ്മിറ്റി അംഗങ്ങൾക്ക് മാത്രമാണ് വോട്ടവകാശം.

c) **ജില്ലാ കമ്മിറ്റി–** പ്രസിഡന്റ് രണ്ട് വൈസ് പ്രസിഡന്റുമാർ, സെക്രട്ടറി, രണ്ട് ജോ. സെക്രട്ടറിമാർ, ട്രഷറർ, പി.ആർ.ഒ. എന്നിവരുൾപ്പെടെ 21 മുതൽ 75ൽ കവിയാത്ത ജില്ലാ കമ്മിറ്റി ആകാവുന്നതാണ്. ഈ കമ്മിറ്റിയിൽനിന്നാണ് ജില്ലാ പ്രസിഡന്റ്, ജില്ലാ സെക്രട്ടറി എന്നിവരുൾപ്പെടുന്ന സംസ്ഥാന കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. ഔദ്യോഗിക ഭാരവാഹികൾ, സംസ്ഥാന കമ്മിറ്റി അംഗങ്ങൾ, ജില്ലാ കമ്മിറ്റിയിലെ മുൻ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ഉൾപ്പെടെ 25–ൽ കവിയാത്ത ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. മേഖലകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടുവന്ന ജില്ലാ കമ്മിറ്റി അംഗങ്ങൾക്കുമാത്രമാണ് ജില്ലാ സമ്മേളനങ്ങളിൽ വോട്ടവകാശം.

d) **സംസ്ഥാന കമ്മിറ്റി–** സംസ്ഥാന പ്രസിഡന്റ്, രണ്ട് സംസ്ഥാന വൈസ് പ്രസിഡന്റുമാർ, സംസ്ഥാന ജനറൽ സെക്രട്ടറി, 5 സംസ്ഥാന സെക്രട്ടറിമാർ (ജോയിന്റ് സെക്രട്ടറി), സംസ്ഥാന ട്രഷറർ, സംസ്ഥാന പി.ആർ.ഒ. എന്നീ ഔദ്യോഗിക ഭാരവാഹികൾ സീനിയർ അംഗങ്ങൾ ഉൾപ്പെടെ 14 മുതൽ 25 വരെ അംഗങ്ങളുള്ള സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയും ജില്ലാ പ്രസിഡന്റുമാർ, ജില്ലാ സെക്രട്ടറിമാർ എന്നിവരുൾപ്പെടെ 41 മുതൽ 75ൽ കവിയാത്ത സംസ്ഥാന കമ്മി

റ്റിയും ഉണ്ടായിരിക്കുന്നതാണ്. സംസ്ഥാന സമ്മേളനത്തിൽ ജില്ലാ സമ്മേളനം തെരഞ്ഞെടുത്ത സംസ്ഥാന കമ്മിറ്റി അംഗങ്ങൾക്കുമാത്ര മാണ് വോട്ടവകാശം ഉണ്ടായിരിക്കുന്നത്.

e) ഭരണസമിതിയുടെ കാലാവധി ഒരു വർഷമായിരിക്കും. തുടർച്ചയായി രണ്ടുതവണയിൽ കൂടുതൽ ഒരേസ്ഥാനത്ത് ഒരാൾക്ക് ഭാരവാഹിത്വത്തിൽ തുടരാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

f) ജില്ലാ എക്സിക്യൂട്ടീവിനെ ജില്ലാ കമ്മിറ്റിയും സംസ്ഥാന എക്സിക്യൂട്ടീവിനെ സംസ്ഥാന കമ്മിറ്റിയുമാണ് തെരഞ്ഞെടുക്കേണ്ടത്.

g) സംസ്ഥാന കമ്മിറ്റിയിൽ ഇല്ലാത്ത പൊതുയോഗം തെരഞ്ഞെടുക്കുന്ന രണ്ടുപേർ സംസ്ഥാന കമ്മിറ്റിയുടെ ഇന്റേണൽ ഓഡിറ്റർമാർ ആയിരിക്കും.

h) മേൽ കമ്മിറ്റികളിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കാനുള്ള അവകാശം കീഴ് കമ്മിറ്റികൾക്കുണ്ട്. സംസ്ഥാന കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളെ നിർദ്ദേശിക്കാനുള്ള അധികാരം ജില്ലാ കമ്മിറ്റികൾക്ക് ഉണ്ടായിരിക്കുന്നതാണ്. ജില്ലാ പ്രസിഡന്റ് ജില്ലാ സെക്രട്ടറി ഉൾപ്പെടെ 4 പേരാണ് ഒരു ജില്ലയിൽനിന്ന് സംസ്ഥാന കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടേണ്ടത്. മെമ്പർഷിപ്പിന്റെ അനുപാതത്തിൽ 300നു മുകളിലുള്ള ഓരോ 250 മെമ്പർഷിപ്പിനും ഓരോ അംഗങ്ങളെക്കൂടി ജില്ലകളിൽനിന്ന് സംസ്ഥാന കമ്മിറ്റിയിലേക്ക് നിർദ്ദേശിക്കപ്പെടാവുന്നതാണ്. എന്നാൽ ഒരു ജില്ലയിൽനിന്ന് ജില്ലാ പ്രസിഡന്റ് ജില്ലാ സെക്രട്ടറി എന്നിവരുൾപ്പെടെ 6 പേരിൽ കൂടുതൽ സംസ്ഥാന കമ്മിറ്റിയിൽ ഉണ്ടാകാൻ പാടില്ല.

## വകുപ്പ് X

## കമ്മിറ്റി യോഗങ്ങൾ

a) കമ്മിറ്റിയോഗങ്ങൾ എല്ലാ മാസവും കൂടേണ്ടതാണ്. കമ്മിറ്റിയുടെ കോറം 50%ത്തിൽ കൂടുതൽ ആയിരിക്കണം. 2 പ്രാവശ്യം കോറം തികയാതെ വന്നാൽ മൂന്നാമത് യോഗത്തിന് കോറം പരിഗണിക്കേണ്ടതില്ല. അടിയന്തിരഘട്ടങ്ങളിൽ യോഗം ചേരുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അധികാരമുണ്ട്. തൊട്ടടുത്ത കമ്മിറ്റിയിൽ ഈ തീരുമാനം അവതരിപ്പിച്ച് കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

b) അസ്സോസിയേഷന്റെ ഭരണപരമായ എല്ലാ കാര്യങ്ങളും നോക്കേണ്ടത് ഭരണസമിതിയാണ്.

c) തുടർച്ചയായി 3 യോഗങ്ങളിൽ ഹാജരാകാതിരിക്കുകയും അ പ്രകാരം ഹാജരാകാതിരിക്കുന്നതിന് മതിയായ കാരണം ബോധിപ്പി ക്കാതിരിക്കുകയും ചെയ്താൽ അവരുടെ കമ്മിറ്റി അംഗത്വം താനെ നഷ്ടപ്പെടുന്നതാണ്.

d) ഭൂരിപക്ഷ തീരുമാനമായിരിക്കും യോഗങ്ങളിൽ തീരുമാനി ക്കപ്പെടുക. തീരുമാനം നടപ്പിലാക്കാനും അനുസരിക്കാനും അംഗങ്ങൾ ബാദ്ധ്യസ്ഥരാണ്.

e) ഒരു പൊതുയോഗത്തിനുശേഷം അടുത്ത പൊതുയോഗത്തി ന് മുമ്പ് കമ്മിറ്റിയിൽ ഒഴിവ് വന്നാൽ ആ ഒഴിവ് നികത്താൻ ഭരണസ മിതിക്ക് അധികാരം ഉണ്ടായിരിക്കും.

## വകുപ്പ് XI

### പൊതുയോഗം

a) സംസ്ഥാന വാർഷിക പ്രതിനിധി സമ്മേളനമായിരിക്കും ഈ സംഘടനയുടെ പരമാധികാരസഭ. പ്രതിനിധി സമ്മേളനം തെരഞ്ഞെ ടുക്കുന്ന സംസ്ഥാന കമ്മിറ്റിയായിരിക്കും പരമാധികാര സമിതി.

b) പൊതുയോഗത്തിന്റെ ഭൂരിപക്ഷ തീരുമാനം അനുസരിക്കാൻ ഓരോ അംഗവും ബാദ്ധ്യസ്ഥരാണ്.

c) സംസ്ഥാന പൊതുയോഗത്തിന്റെ കോറം അംഗസംഖ്യയുടെ മൂന്നിൽ ഒന്നോ 100 പേരോ ഏതാണ് കുറവ് അതായിരിക്കും. ജില്ലാ പൊതുയോഗത്തിന്റെ കോറം അംഗസംഖ്യയുടെ മൂന്നിൽ ഒന്നോ 25–ഓ ഏതാണ് കുറവ് അതായിരിക്കും. മേഖലാ പൊതുയോഗത്തിന്റെ കോ റം അംഗസംഖ്യയുടെ മൂന്നിൽ ഒന്നോ 15 പേരോ ഏതാണ് കുറവ് അ തായിരിക്കും. യൂണിറ്റ് പൊതുയോഗത്തിന്റെ കോറം 5 ആയിരിക്കും. രണ്ടുപ്രാവശ്യം കോറം തികയാതെ വന്നാൽ, മൂന്നാമത് യോഗത്തിന് കോറം പരിഗണിക്കേഗണ്ടതില്ല.

d) സാധാരണ പൊതുയോഗം വർഷത്തിൽ ഒരു പ്രാവശ്യമെങ്കി ലും കൂടേണ്ടതാണ്.

e) വാർഷിക പൊതുയോഗത്തിൽ ഭരണസമിതി അവതരിപ്പി ക്കുന്ന പ്രവർത്തന റിപ്പോർട്ടും കണക്കും ആഡിറ്റ് റിപ്പോർട്ടും പരി ശോധിച്ച് അംഗീകാരം നൽകേണ്ടതും പുതിയ ഭാരവഹികളെ തെര ഞ്ഞെടുക്കേണ്ടതുമാണ്. തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ 15 ദിവസത്തിന കം അസ്സോസിയേഷന്റെ ചാർജ് പഴയ ഭരണസമിതി പുതിയ ഭരണ സമിതിക്ക് ഏൽപ്പിക്കേണ്ടതാണ്.

f) പൊതുയോഗത്തിൽ അഭിപ്രായ സ്വാതന്ത്ര്യവും പ്രമേയാവ തരണത്തിനുള്ള അവസരവും ഉണ്ടായിരിക്കുന്നതാണ്. പൊതുയോ ഗത്തിൽ അവതരിപ്പിക്കാനുള്ള പ്രമേയം 7 ദിവസത്തിന് മുമ്പ് ജനറൽ സെക്രട്ടറിയെ ഏൽപ്പിച്ചിരിക്കണം. അച്ചടക്കം പാലിക്കുവാൻ അംഗ ങ്ങൾ ബാദ്ധ്യസ്ഥരാണ്.

g) സാധാരണ യോഗത്തിന് 5 ദിവസവും വാർഷിക പൊതു യോഗത്തിന് 15 ദിവസവും മുമ്പ് നോട്ടീസ് അയച്ചിരിക്കണം. നോട്ടീ സിൽ അജണ്ടയും കാണിക്കേണ്ടതാണ്.

h) ഭരണഘടനയിൽ കാലോചിതമായ മാറ്റംവരുത്തുവാൻ സം സ്ഥാന കമ്മിറ്റി വിളിച്ചുചേർക്കുന്ന സംസ്ഥാനതല പൊതുയോഗ ത്തിന് അധികാരമുണ്ട്. നിർദ്ദേശിക്കപ്പെടുന്ന മാറ്റങ്ങൾ രേഖാമൂലം കീഴ്ഘടകങ്ങളെ അറിയിക്കുകയും തീരുമാനമെടുക്കുന്ന സംസ്ഥാന തല പൊതുയോഗത്തിന്റെ 2/3 മൂന്നിൽ രണ്ട് ഭാഗം ഭേദഗതിയെ അ നുകൂലിക്കുകയും വേണം. എന്നാൽ മാത്രമേ ഭേദഗതിക്ക് നിയമസാ ധുത ലഭിക്കുകയുള്ളൂ.

## വകുപ്പ് XII

## ധനാഗമ മാർഗ്ഗങ്ങൾ

മെമ്പർഷിപ്പ് വിഹിതം, സംഭാവനകൾ, അടിയന്തിര ആവശ്യ ങ്ങൾക്കുവേണ്ടി പിരിക്കുന്ന പ്രവർത്തനഫണ്ട്, ബിസിനസ്സ് മാർഗ്ഗം സ്വരൂപിക്കാവുന്ന ലാഭവിഹിതം, പ്രസിദ്ധീകരണങ്ങൾ മുഖേന ലഭി ക്കുന്ന വരുമാനം, ട്രേഡ് ഫെയർ മുഖേന ലഭിക്കുന്ന തുക തുടങ്ങിയ വ അസ്സോസിയേഷന്റെ ധനാഗമ മാർഗ്ഗങ്ങളായിരിക്കും.

## വകുപ്പ് XIII

## തിരഞ്ഞെടുപ്പ്

a) തിരഞ്ഞെടുപ്പ് പാനൽ സംവിധാനത്തിൽ ആയിരിക്കും.

b) പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ട് കീഴ്ഘടകങ്ങളുമാ യും ഭരണസമിതിയുമായും ആലോചിച്ച് പ്രാദേശിക പ്രാതിനിധ്യം കൂടി കണക്കിലെടുത്തായിരിക്കണം പാനൽ തയ്യാറാക്കേണ്ടത്.

c) യൂണിറ്റ് സമ്മേളനങ്ങളിൽ നിന്ന് മേഖലാ സമ്മേളന പ്രതി നിധികളേയും മേഖലാ സമ്മേളങ്ങളിൽ നിന്ന് ജില്ലാ സമ്മേളന പ്രതി നിധികളേയും ജില്ലാ സമ്മേളനങ്ങളിൽ നിന്ന് സംസ്ഥാന സമ്മേളന പ്രതിനിധികളേയും തെരഞ്ഞെടുക്കണം. മെമ്പർഷിപ്പിന്റെ അനുപാ

തത്തിൽ സംസ്ഥാന സമ്മേളന പ്രതിനിധികളെ സംസ്ഥാന കമ്മിറ്റി യാണ് തീരുമാനിക്കേണ്ടത്. അനുപാതത്തിൽ കാലോചിതമായ മാറ്റം വരുത്താൻ സംസ്ഥാന കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.

d) നിലവിലുള്ള കമ്മിറ്റി ഔദ്യോഗിക പാനൽ അവതരിപ്പിക്കേ ണ്ടതാണ്.

e) ഏതൊരു പ്രതിനിധിക്കും ബദൽ പാനൽ അവതരിപ്പിക്കാവു ന്നതാണ്.

f) ഇങ്ങനെ അവതരിപ്പിക്കപ്പെടുന്ന ബദൽ പാനലുകൾക്ക് തെ രഞ്ഞെടുക്കപ്പെട്ട കമ്മിറ്റി അംഗങ്ങളിൽ ഹാജരുള്ള 20 ശതമാനം പേ രുടെ രേഖാമൂലമായ പിൻതുണ ഉണ്ടായിരിക്കണം. ഇത്തരം പാനലു കളിൽ ഭേദഗതി നിർദ്ദേശിക്കാവുന്നതാണ്.

g) തിരഞ്ഞെടുപ്പ് വേണ്ടിവരുന്നപക്ഷം:

1. രഹസ്യ ബാലറ്റുവഴിയായിരിക്കും തിരഞ്ഞെടുപ്പ്
2. എല്ലാ പാനലിലും പൊതുവായി കാണുന്ന പേരുകാരെ ഏ കകണ്ഠമായി തിരഞ്ഞെടുത്തതായി പ്രഖ്യാപിക്കും.
3. പാനലുകളിൽ ബാക്കി വരുന്ന എല്ലാ പേരുകളിലും ഒന്നിച്ച് വോട്ടിനിട്ട് ആവശ്യമായത്ര അംഗങ്ങളെ തിരഞ്ഞെടുക്കേണ്ട താണ്.
4. ഭേദഗതി നിർദ്ദേശം മാത്രമേ ഉള്ളൂവെങ്കിൽ അഭിപ്രായവ്യ ത്യാസമുള്ള പേരുകൾ മാത്രം വോട്ടിനിടണം.
5. എത്ര പേരെയാണോ തിരഞ്ഞെടുക്കേണ്ടത് അത്രയും വോ ട്ടുകൾ ഓരോ വോട്ടർക്കും ഉണ്ടായിരിക്കും. യൂണിറ്റ് സമ്മേ ളന തെരഞ്ഞെടുപ്പിൽ മുഴുവൻ അംഗങ്ങൾക്കും മേഖലാ–ജി ല്ലാ സംസ്ഥാന സമ്മേളന തെരഞ്ഞെടുപ്പുകളിൽ ഓരോ ക മ്മിറ്റികളിലേക്കും തിരഞ്ഞെടുക്കപ്പെട്ടുവന്ന കമ്മിറ്റി അംഗ ങ്ങൾക്കുമായിരിക്കും വോട്ടവകാശം.
6. തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ ഒപ്പോടുകൂടിയതായിരിക്കണം ബാലറ്റ് പേപ്പർ.
7. തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ നിശ്ചയിക്കേണ്ടത് തൊട്ടടു ത്ത മേൽഘടകമാണ്. സംസ്ഥാന കമ്മിറ്റിയാണ് സംസ്ഥാന തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ നിശ്ചയിക്കേണ്ടത്.

8. തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ സഹായിക്കാൻ രണ്ടോ മൂന്നോ പേരുടെ സേവനം ഉപയോഗപ്പെടുത്താൻ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കും.

9a) സംസ്ഥാന കമ്മിറ്റി അംഗീകരിച്ച മെമ്പർഷിപ്പ് ലിസ്റ്റായിരിക്കും യൂണിറ്റ് സമ്മേളനങ്ങളിൽ വാർഷിക പൊതുയോഗ പ്രതിനിധികൾ. യൂണിറ്റ് സമ്മേളനത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട മേഖല സമ്മേളന പ്രതിനിധികളും നിലവിലെ മേഖലാ കമ്മിറ്റിയുമായിരിക്കും മേഖലാ വാർഷിക പൊതുയോഗ പ്രതിനിധികൾ.

b) മേഖലാ സമ്മേളനങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ജില്ലാ സമ്മേളന പ്രതിനിധികളും നിലവിലുള്ള ജില്ലാ കമ്മിറ്റിയുമായിരിക്കും ജില്ലാ വാർഷിക പൊതുയോഗ പ്രതിനിധികൾ.

c) ജില്ലാ സമ്മേളനങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന സംസ്ഥാന സമ്മേളന പ്രതിനിധികളും നിലവിലുള്ള സംസ്ഥാന കമ്മിറ്റിയുമായിരിക്കും സംസ്ഥാന വാർഷിക പൊതുയോഗ പ്രതിനിധികൾ.

10. തർക്ക പ്രശ്നങ്ങളിൽ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ തീരുമാനം തൽക്കാലം സാധുവായിരിക്കുന്നതാണ്.

11. തെരഞ്ഞെടുപ്പ് പരാതികൾ 15 ദിവസത്തിനകം തൊട്ടടുത്ത മേൽ കമ്മിറ്റികൾക്ക് സമർപ്പിച്ചിരിക്കണം. സംസ്ഥാന സമിതി തെരഞ്ഞെടുപ്പ് സംബന്ധിച്ച പരാതികൾ സംസ്ഥാന കമ്മിറ്റിയിലാണ് തീരുമാനമെടുക്കുക.

12. സംസ്ഥാന കമ്മിറ്റി തീരുമാനം അന്തിമമായിരിക്കും.

## വകുപ്പ് XIV

### ഭാരവാഹികളുടെ ചുമതല

a) **പ്രസിഡന്റ്**

1. അസോസിയേഷന്റെ എല്ലാ സ്ഥാവരജംഗമ സ്വത്തുക്കളും പ്രസിഡന്റിന്റെ പേരിലായിരിക്കും.
2. എല്ലാ യോഗങ്ങളിലും പ്രസിഡന്റ് അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

3. ഏതെങ്കിലും കാര്യത്തിൽ യോഗങ്ങളിൽ തീർപ്പ് കൽപ്പിക്കേണ്ട തായി വരുമ്പോൾ, വോട്ടിനിട്ട് സമമായി വരുന്നപക്ഷം ഒരു കാസ്റ്റിംഗ് വോട്ടുകൂടി ചെയ്യാൻ പ്രസിഡന്റിന് അധികാരമുണ്ടായി രിക്കുന്നതാണ്.

4. ക്ഷണിക്കപ്പെട്ട കോൺഫ്രൻസുകളിൽ അസ്സോസിയേഷനെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറിയോടൊപ്പം പ്രസിഡന്റ് സംബന്ധിക്കേണ്ടതാണ്.

5. അസ്സോസിയേഷന്റെ പണം കമ്മിറ്റി തീരുമാനിക്കുന്ന ബാങ്കിൽ പ്രസിഡന്റിന്റേയും ട്രഷററുടേയും പേരിൽ ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

b) **വൈസ് പ്രസിഡന്റ്**

1. അസോസിയേഷനുവേണ്ടിയുള്ള എല്ലാ ഉത്തരവാദിത്വപ്പെട്ട പ്രവർത്തനങ്ങളിലും പ്രസിഡന്റിനെ സഹായിക്കുക.

2. പ്രസിഡന്റിന്റെ അഭാവത്തിൽ എല്ലാ ചുമതലകളും അധികാരങ്ങളും വൈസ് പ്രസിഡന്റിൽ നിക്ഷിപ്തമായിരിക്കും.

3. സംസ്ഥാന കമ്മിറ്റിയുടെ തീരുമാനപ്രകാരം ജില്ലകളുടെ ചുമതല വഹിക്കുക.

c) **ജനറൽ സെക്രട്ടറി**

1. അസ്സോസിയേഷന്റെ ദൈനംദിന കാര്യങ്ങൾ ക്രമമായും കൃത്യമായും കാര്യക്ഷമമായും നടത്തുക.

2. എല്ലാ രേഖകളും റിക്കാർഡുകളും ഉത്തരവാദിത്വത്തോടെ എഴുതി സൂക്ഷിക്കുക.

3. യോഗങ്ങൾ യഥാകാലം വിളിച്ചുചേർക്കുക.

4. അസ്സോസിയേഷനുമായി ബന്ധപ്പെട്ട എല്ലാ വ്യവഹാരങ്ങളുടേയും ഉത്തരവാദിത്വവും മേൽനോട്ടവും വഹിക്കുക.

5. യോഗങ്ങളുടെ മിനിട്ട്സ്, ഹാജർ എന്നിവ എഴുതി സൂക്ഷിക്കുക.

6. അസ്സോസിയേഷനെ സംബന്ധിച്ച എല്ലാ എഴുത്തുകുത്തുകളും, പ്രസ്താവനകളും നടത്തുക, പ്രസിദ്ധീകരണം നടത്തുക.

7. അസ്സോസിയേഷനുവേണ്ടി മറ്റു കോൺഫ്രൻസുകളിൽ സംബന്ധിക്കുക.

8. ദൈനംദിന ആവശ്യങ്ങൾക്കായി സെക്രട്ടറിയുടെ പക്കൽ 1000 രൂപ വരെ സൂക്ഷിക്കാവുന്നതാണ്.

d) **സംസ്ഥാന സെക്രട്ടറി (ജോ. സെക്രട്ടറി)**

1. ജനറൽ സെക്രട്ടറിയുടെ പ്രവർത്തനത്തിൽ സഹായിക്കുക.
2. ജനറൽ സെക്രട്ടറിയുടെ അഭാവത്തിൽ സെക്രട്ടറി ആ ചുമതല വഹിക്കുക.
3. സംസ്ഥാന കമ്മിറ്റിയുടെ തീരുമാനപ്രകാരം ജില്ലകളുടെ ചുമതല വഹിക്കുക.

e) **ട്രഷറർ**

1. അസ്സോസിയേഷന്റെ മെമ്പർഷിപ്പ് തുടങ്ങി എല്ലാ പണപ്പിരിവിന്റേയും ചുമതല ട്രഷറർക്കാണ്.
2. അസ്സോസിയേഷന്റെ ഫണ്ടും അതുസംബന്ധിച്ച റിക്കാർഡുകളും , കണക്കും എഴുതിസൂക്ഷിക്കുക.
3. വരവ് ചിലവ് കണക്കുകൾ കമ്മിറ്റി യോഗങ്ങളിൽ മാസംതോറും അവതരിപ്പിച്ച് പാസ്സാക്കി എടുക്കുക. കമ്മിറ്റി പാസ്സാക്കിയ കണക്കും വാർഷിക സ്റ്റേറ്റ്മെന്റും വാർഷിക പൊതുയോഗത്തിൽ അവതരിപ്പിക്കുക.
4. അസ്സോസിയേഷന്റെ പണം കമ്മിറ്റി യോഗം തീരുമാനിക്കുന്ന ബാങ്കിൽ പ്രസിഡന്റിന്റെയും ട്രഷററുടെയും കൂട്ടായ അക്കൗണ്ടിൽ നിക്ഷേപിക്കുകയും അതിന്റെ പാസ്സ്ബുക്കും, ചെക്ക്ബുക്കും സൂക്ഷിക്കുകയും ചെയ്യുക.
5. അടിയന്തിര ആവശ്യങ്ങൾക്കായി ട്രഷററുടെ കൈവശം 1000 രൂപ വരെ സൂക്ഷിക്കാവുന്നതാണ്.
6. ജില്ലാ കമ്മിറ്റികളുടെ ഓഡിറ്റ് സംസ്ഥാന ട്രഷററും മേഖലാ കമ്മിറ്റികളുടെ ഓഡിറ്റ് ജില്ലാ ട്രഷററും, യൂണിറ്റ് കമ്മിറ്റികളുടെ ഓഡിറ്റ് മേഖലാ ട്രഷററും നടത്തേണ്ടതാണ്.

f) **നിരീക്ഷകന്മാർ**

1. ജില്ലാ മേഖലാ കമ്മിറ്റികളിൽ പ്രവർത്തനവർഷം തെരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികൾ കീഴ് കമ്മിറ്റികളിൽ നിർദ്ദേശിക്കുന്ന ഘടകങ്ങളിൽ നിരീക്ഷകരായി പ്രവർത്തിക്കുകയും നിരീക്ഷണ റിപ്പോർട്ട് കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതാണ്.

g) **പി.ആർ.ഒ.**

1. ജില്ലാ-സംസ്ഥാന പി.ആർ.ഒ.മാർ കമ്മിറ്റി നിർദ്ദേശിക്കുന്നതനുസരിച്ച് സംഘടനാ പ്രവർത്തന വാർത്തകളും ചിത്രങ്ങളും ശേഖരിച്ച്

പ്രസിദ്ധീകരണത്തിന് നൽകുകയും ഫയൽ കോപ്പി സൂക്ഷിച്ചു വയ്ക്കുകയും ചെയ്യേണ്ടതാണ്.

## വകുപ്പ് XV

## **ഉപകമ്മിറ്റികൾ**

1. ഏതെങ്കിലും പ്രത്യേക ആവശ്യങ്ങൾക്കായി ഉപകമ്മിറ്റികളെ പൊതുയോഗമോ ഭരണസമിതിയോ തെരഞ്ഞെടുക്കാവുന്നതാണ്.
2. ഉപകമ്മിറ്റിയുടെ പ്രവർത്തന ഉദ്ദേശ്യം പൂർത്തിയായാൽ പ്രവർത്തന റിപ്പോർട്ടും വരവ് ചിലവ് കണക്കും പൊതുകമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതും തുടർന്ന് ഉപ കമ്മിറ്റി പിരിച്ചുവിടുകയും വേണം.
3. ഉപകമ്മിറ്റികൾ ഭരണസമിതിയുടെ നിർദ്ദേശപ്രകാരം പ്രവർത്തിക്കേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ നിർബന്ധമായോ അല്ലാതെയോ ഈ സംഘടന പിരിച്ചുവിടുകയോ താനെ നിന്നുപോകുകയോ ചെയ്താൽ സംഘടനയുടെ മിച്ചമുള്ള പണവും മറ്റു സ്ഥാവരജംഗമ വസ്തുവകകളും കടംകൊടുത്ത് (ബാദ്ധ്യത) തീർക്കേണ്ടതുണ്ടെങ്കിൽ അത് കഴിച്ചുള്ള തുക ഇതേ ഉദ്ദേശ്യത്തോടുകൂടി പ്രവർത്തിക്കുന്ന മറ്റേതെങ്കിലും ചാരിറ്റബിൾ സൊസൈറ്റിക്ക് നൽകുന്നതാണ്.

*(ഈ ബൈലോ സംബന്ധമായോ അംഗങ്ങൾ തമ്മിലോ അംഗങ്ങളും എ.കെ.പി.എ.യുമായോ എന്തെങ്കിലും തർക്കങ്ങൾ ഉണ്ടായാൽ ആയത് സംഘടനയ്ക്കകത്ത് തന്നെ രമ്യവും സമാധാനപരവുമായി പരിഹരിക്കേണ്ടതും എന്നാൽ ഏതെങ്കിലും കാരണവശാൽ പ്രശ്നം പരിഹരിക്കപ്പെടാതെ വരികയാണെങ്കിൽ ആയതിന്റെ അധികാരപരിധി ബഹു. എറണാകുളം സിറ്റി കോടതികളിൽ മാത്രം നിക്ഷിപ്തമായിരിക്കും.)*